(ബി) 2015-16 അദ്ധ്യയന വർഷം ഓരോ ജില്ലയിലും പ്ലസ് വൺ പ്രവേശനത്തിനായി അപേക്ഷിച്ചവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ജില്ല	അപേക്ഷകരുടെ എണ്ണം
തിരുവനന്തപുരം	43397
കൊല്ലം	38577
പത്തനംതിട്ട	17784
ആലപ്പുഴ	32246
കോട്ടയം	28820
ഇടുക്കി	15642
എറണാകുളം	45335
തൃശ്ശൂർ	45443
പാലക്കാട്	46337
കോഴിക്കോട്	52589
മലപ്പുറം	81070
വയനാട്	12689
കണ്ണൂർ	39032
കാസർഗോഡ്	19392
ആകെ	518353

(സി&ഡി) ഹയർ സെക്കണ്ടറി പ്ലസ് വൺ കോഴ്സുകളിലേക്കുള്ള പ്രവേശനം അവസാനിച്ചിട്ടില്ല. പ്രവേശന നടപടികൾ പൂർത്തിയായ ാലേ കണക്കുകൾ ലഭ്യമാക്കുകയുള്ളൂ.

(ഇ&എഫ്) പ്രവേശന പ്രക്രിയ പൂർത്തിയായ ശേഷമേ പ്രസ്തുത വിവരം ലഭ്യമാകുകയുള്ളൂ.

ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾ ഭേദഗതി

38 (3761) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാൻ പ്രത്യേക കമ്മിറ്റി രൂപവൽക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്പെഷ്യൽ റൂൾ ഭേദഗതി കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണെന്നും കാലാവധി എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) ഹയർ സെക്കണ്ടറി അദ്ധ്യാപകരേതര ജീവനക്കാരെ സംബന്ധിക്കുന്ന ഏതെല്ലാം വിഷയങ്ങളാണ് പ്രസ്തുത കമ്മിറ്റി പരിശോധിച്ചുവരുന്നതെന്ന് വിശദമാക്കാമോ ;

(ഡി) ലാബ് അസിസ്റ്റന്റുമാരുടെ നിലവിലുള്ള ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് എന്ന നിബന്ധന മാറ്റി അവർക്ക് തൊഴിലിന് സഹായകരമാവുന്ന പ്രായോഗിക പരിശീലന പരിപാടി (ഇൻ സർവ്വീസ് കോഴ്സ്) ഏർപ്പെടുത്തുവാനുള്ള ആവശ്യം സ്പെഷ്യൽ റൂൾ ഭേദഗതി സമിതിയുടെ പരിഗണനയിൽ ഉൾപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) ലാബ് അസിസ്റ്റന്റുമാരുടെ യോഗ്യതാപരിഷ്കരണം, അദ്ധ്യാപക/ അനദ്ധ്യാപക പ്രൊമോഷൻ എന്നീ വിഷയങ്ങൾ സ്പെഷ്യൽ റൂൾ ഭേദഗതിയുടെ പരിഗണനയിലുണ്ടോ ;

(എഫ്) സ്പെഷ്യൽ റൂൾ ഭേദഗതി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നിലപാടുകൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് ഭേദഗതിക്കായി ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ, പൊതുവിദ്യഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പൊതു വിദ്യാഭ്യാസ (എസ്സി.) വകുപ്പിലെ അഡീഷണൽ സെക്രട്ടറി എന്നിവർ അംഗങ്ങളായി ഒരു സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി-എഫ്) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച കരട് പ്രൊപ്പോസൽ സമിതി പരിശോധിച്ച് സമയബന്ധിതമായി ഭേദഗതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ്

39 (3762) <u>ശ്രീ. എം. എ. വാഹീദ്</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly